**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3525** **08-10-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി കൈമാറ്റം ചെയ്യാൻ തടസം നേരിട്ടത സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച് 40 വർഷം കഴിഞ്ഞിട്ടും ഭൂമി കൈമാറ്റം ചെയ്യുന്നതിനു തടസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾക്ക് പട്ടയ വ്യവസ്ഥ പ്രകാരം ഇതേ സമുദായത്തിൽ പ്പെട്ടവർക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല. എന്നാൽ എല്ലാ വിഭാഗക്കാർക്കും ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായും, ഭൂമിയുടെ വിപണി മൂല്യം കുറവായതു കൊണ്ട് 2 എക്കർ ഭൂമിയ്ക്ക് 3 ലക്ഷത്തിൽ കൂടുതൽ വായ്പകൾ ബാങ്കുകൾ നൽകുന്നില്ലായെന്നുമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചു വരുന്നു . ആയതിന്മേൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ക്രയവിക്രയ സ്വാതന്ത്ര്യമില്ലാത്ത ഭൂമി ആയതിനാൽ പ്രസ്തുത ഭൂമിയുടെ വിപണി മൂല്യം കുറവാണെന്ന് കാണിച്ച ബാങ്കുകൾ വായ്പ നിഷേധിക്കുന്നതായും അതു മൂലം പ്രസ്തുത ഉന്നതിയിലെ അന്തേവാസികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കോ ഭവന നിർമ്മാണത്തിനോ വായ്പ ലഭിക്കുന്നില്ലായെന്നുമുള്ള പരാതി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾക്ക് പട്ടയ വ്യവസ്ഥ പ്രകാരം ഇതേ സമുദായത്തിൽ പ്പെട്ടവർക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല. എന്നാൽ എല്ലാ വിഭാഗക്കാർക്കും ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായും, ഭൂമിയുടെ വിപണി മൂല്യം കുറവായതു കൊണ്ട് 2 എക്കർ ഭൂമിയ്ക്ക് 3 ലക്ഷത്തിൽ കൂടുതൽ വായ്പകൾ ബാങ്കുകൾ നൽകുന്നില്ലായെന്നുമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചു വരുന്നു . ആയതിന്മേൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പരാതി പരിഗണിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസം നീക്കി ക്രയവിക്രയ സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾക്ക് പട്ടയ വ്യവസ്ഥ പ്രകാരം ഇതേ സമുദായത്തിൽ പ്പെട്ടവർക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിലവിൽ തടസ്സമില്ല. എന്നാൽ എല്ലാ വിഭാഗക്കാർക്കും ക്രയവിക്രയ സ്വാതന്ത്യത്തോടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിക്കായും, ഭൂമിയുടെ വിപണി മൂല്യം കുറവായതു കൊണ്ട് 2 എക്കർ ഭൂമിയ്ക്ക് 3 ലക്ഷത്തിൽ കൂടുതൽ വായ്പകൾ ബാങ്കുകൾ നൽകുന്നില്ലായെന്നുമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചു വരുന്നു . ആയതിന്മേൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ